കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 24.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി4)1655/2017 തിയ്യതി: 24.11.2017

## തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 05.11.2016 മുതൽ 13.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,1.4.15 മുതൽ 31.3.16 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യൂ.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2017 മുതൽ 25.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്.<br>ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ)<br>കെ.എം.ഷാജിത.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജിഷ.ആർ,ഓഡിറ്റർ<br>ശ്രീ.കന്തസ്വാമി.,ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ജോണി മണിച്ചിറ | 01.04.2016മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.എൻ.മനോജ് | 01.04.2016മുതൽ<br>23.12.2016 വരെ (സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല) |
| | ശ്രീമതി.ദുർഗ്ഗാദേവി.കെ | 23.12.2016മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ്.പി.എൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | വൃന്ദ .കെ | 01.04.2016മുതൽ<br>31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ധന്യ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.സുനിൽകുമാർ.സി.കെ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.മനോജ് .വി.തോമസ് | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.ബിജു.പി.കെ | 01.04.2016മുതൽ<br>30.06.2016 വരെ |
| | ഡോ.മുരളീധരൻ.വി | 01.07.2016മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ | സജിഎബ്രാഹാം | 01.04.2016മുതൽ<br>15.10.2016 വരെ |
| | ഹുസൈൻ | 16.10.2016മുതൽ<br>16.12.2016 വരെ |
| | വി.എംപ്രവീൺ | 17.12.2016മുതൽ<br>31.03.2017 വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.മിനി.പി.കെ | 01.04.2016മുതൽ |

| | | |
|---|---|---|
| | | 30.10.2016 വരെ |
| | ശ്രീമതി .പത്മജ.കെ | 01.11.2016മുതൽ<br>31.01.2017 വരെ |
| | ശ്രീമതി.ആനി | 01.02.2017മുതൽ<br>31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്,<br>കൊണ്ടയൂർ | ശ്രീമതി.സുഭദ്ര | 01.04.2016മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ്എൻജിനിയർ | നിമിഷ.വി.കൃഷ്ണൻ | 01.04.2016മുതൽ<br>07.07.2016 വരെ |
| | സിബി..എ.പി | 08.07.2016മുതൽ<br>31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുരേഷ്.കുമാർ | 01.04.2016മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |

| | | |
|---|---|---|
| 14 | ഉത്സവബത്ത/ ബോണസ് എന്നിവ ഉൾപ്പെടാതെ മൊത്തം വരുമാനം കണക്കാക്കിയതിൽ നഷ്ടം | 2-3 |
| 15 | ഡി &ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-4 |
| 16 | പെർമിറ്റ് ഫീസ്സ് പകരം NOC ഈടാക്കി | 2-5 |
| 17 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-6 |
| 18 | വസ്തു നികുതി കുറവായി നിർണ്ണയം നടത്തി | 2-7 |
| 19 | സാംഖ്യ രസീതികൾ സ്റ്റേഷനറി നമ്പറിൽ വ്യത്യസ്തം | 2-8 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നില്ല | 2-9 |
| 21 | കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരം നൽകലും നിയന്ത്രിക്കലും) ആക്ട് അനുസരിച്ചുള്ള അംഗീകാര പത്രം ഇല്ല | 2-10 |
| 22 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-11 |
| 23 | വാടകയില്ലാതെ പ്രവർത്തിക്കുന്ന | 2-12 |
| ഭാഗം 3 | | |
| 24 | തെരുവുനായ നിയന്ത്രണം(ABC പ്രോഗ്രാം)- കൈപ്പറ്റ്,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല | 3-1 |
| 25 | പൊതു ടാപ്പുകൾ- സംയുക്ത പരിശോധന നടത്തി ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ് | 3-2 |
| 26 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകത | 3-3 |
| 27 | സെറിബ്രൽ പാൾസി ചെയർ-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സപ്ലൈ ചെയ്തു. | 3-4 |
| 28 | സമഗ്രക്ഷീരവികസനം-പാലിനു സബ്സിഡി-ഗുണഭോക്താക്കൾക്കു തുക കൈമാറിയതിനും, തുക ലഭിച്ചതിനും രേഖകളില്ല. | 3-5 |
| 29 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ് കിൻ- തുക മുഴുവൻ നൽകിയിട്ടും നാളിതുവരെ അലമാരകൾ ലഭ്യമാക്കിയില്ല. | 3-6 |
| 30 | എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-7 |
| 31 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- കാലിത്തീറ്റവിതരണം സംബന്ധിച്ച് വ്യക്തതയില്ല | 3-8 |
| 32 | ഗ്രാമപഞ്ചായത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം ഏറ്റെടുത്ത ക്ഷീരസംഘത്തിന്റെ പ്രവർത്തനം | 3-9 |

| | | |
|---|---|---|
| | തൃപ്തികരമല്ല | |
| 33 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-10 |
| 34 | പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ-പാലിയേറ്റീവ് നഴ്സിനുള്ള ഫോൺ അലവൻസ് അനുവദനീയമല്ല | 3-11 |
| 35 | വനിതാ ഭവന പുനരുദ്ധാരണം- വനിതാഘടകപദ്ധതിയിൽ ഏറ്റെടുത്തു-അർഹത പരിശോധിച്ചില്ല. | 3-12 |
| 36 | പൊതുമരാമത്ത് മേഖല- തൻ വർഷത്തെ പുതിയ പ്രൊജക്ടുകളുടെ കുറഞ്ഞ ഫണ്ട് വിനിയോഗം | 3-13 |
| 37 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല | 3-14 |
| 38 | ടാർ, എമൽഷൻ എന്നിവക്ക് അടവാക്കിയ തുകയിൽ ബാക്കിയുള്ള തുക തിരികെ ലഭിച്ചിട്ടില്ല | 3-15 |
| 39 | പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല | 3-16 |
| 40 | സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല | 3-17 |
| 41 | 2016-17 ൽ പഞ്ചായത്തിൽ 1 കോടി 62 ലക്ഷം രൂപ ലാപ്സായി | 3-18 |
| 42 | വയോജനങ്ങൾക്കായി നിർമ്മിച്ച വൃദ്ധസദനങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും തുറന്നു കൊടുത്തിട്ടില്ല | 3-19 |
| 43 | പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല | 3-20 |
| ഭാഗം 4 | | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 53 | അനുബന്ധം 1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5.3.16 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 10327900/- രൂപയും പ്രതീക്ഷിത ചെലവ് 100981000/- രൂപയുമാണ്. 28.2.2017 ലെ ഭരണസമിതി തീരുമാനം (1) പ്രകാരം 2016-17 വർഷത്തെ ബജറ്റ് റിവൈസ് ചെയ്തു. ആയതുപ്രകാരം മുൻബാക്കി 2124174/- രൂപയും വരവ് 13947500/- രൂപയും ചെലവ് 12516650/- രൂപയും നീക്കിയിരിപ്പ് 16071674/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2017 | 30.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 ലെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തുനികുതി,വസ്തുനികുതി കുടിശ്ശിക എന്നിവയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

3. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

4.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിനത്തിൽ ബാലൻസ് നിൽക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റേതാണ്. AFS ൽ ജില്ലാ പഞ്ചായത്ത് എന്ന് തെറ്റായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്,എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1450889 |

| | |
|---|---|
| വരവ് | 48299140 |
| ആകെ | 49750029 |
| ചെലവ് | 45379767 |
| നീക്കിയിരിപ്പ് | 4370262 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് വരവ് | ചെലവ് | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11075914 | 10213754 | 862160 | 92.21 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7266609 | 4577809 | 2688800 | 62.99 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14476203 | 6505756 | 7970447 | 44.94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2964396 | 2412672 | 551724 | 81.38 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6210829 | 4853311 | 1357518 | 78.14 |
| ലോക ബാങ്ക് ധനസഹായം | 0 | 854941 | 522015 | 1970048 | 20.09 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 55574633 | 168 | 30345564 | 0 | 41 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 61.3 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2297618 | 3759864 | 1462246 | 63.64(+) |
| നികുതിയേതര വരവുകൾ | 423956 | 656116 | 232160 | 54.76(+) |
| മറ്റുവരവുകൾ | 34695 | 30001 | 4694 | 13.5(-) |
| ആകെ | 2756269 | 4445981 | 1689712 | 61.3(+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 210120 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 6443410 | 650 |
| വിധവാപെൻഷൻ | 13642380 | 1173 |
| വാർദ്ധക്യകാലപെൻഷൻ | 14584130 | 1558 |
| വികലാംഗപെൻഷൻ | 3021990 | 318 |
| അവിവാഹിത പെൻഷൻ | 1940320 | 182 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 560000 | 19 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2017ന് 3pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3255 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തിരജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | തീയതി | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/07/2017 | ഏപ്രിൽ ,മെയ്,ജൂൺ | 31.08.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2013 | 1997-98 മുതൽ 2002 2003 വരെ | 18.08.2003 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകൾ,ഡിമൻറ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കേരള പഞ്ചായത്ത് രാജ് ചട്ടം13 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തലവൻ പഞ്ചായത്ത് പരിധിയിലുള്ള സ്വയംതൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി ഡിമാൻറ് ചെയ്യേണ്ടതും ഡിമാൻറ് ചെയ്യപ്പെട്ട തൊഴിൽ നികുതി ബന്ധപ്പെട്ട വ്യക്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ടതുമാണ്. പാഞ്ഞാൾ പഞ്ചായത്ത് പരിധിയിലുള്ള 2016-17 സാമ്പത്തിക വർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാർ/സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തികൾ എന്നിവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1)കരാറുകാർ ( 1 st &11 nd half)

2) ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാർ ( 1 st &11 nd half)

3)ബ്രാഞ്ച് പോസ്റ്റ് ഓഫീസ്,പാഞ്ഞാൾ-ജീവനക്കാർ ( 1 st &11 nd half)

4) ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ ( 1 st &11 nd half) തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ജീവനക്കാരുടെ പേരു വിവരം | ഒന്നാം അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടത് | രണ്ടാം അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടത് |
|---|---|---|---|---|
| ശരണ്യ (LDC) | 68500 | 600 | 67500 | 600 |
| ശ്രീജിത്ത് (ഡ്രൈവർ) | 89700 | 750 | 94900 | 750 |
| രതി(OA) | 42600 | 300 | 38700 | 300 |
| സൗഭാഗ്യവതി (NREGS സ്റ്റാഫ് )ഒന്നാം അർദ്ധവർഷം | 35768 | 300 | - | - |

| | | | | |
|---|---|---|---|---|
| ശാലിനി (LDC)രണ്ടാം അർദ്ധവർഷം | - | - | 56550 | 450 |
| രശ്മി (NREGS DEO) രണ്ടാം അർദ്ധവർഷം | - | - | 67826 | 600 |
| ആകെ | | 1950 | | 2700 |

മേൽപറഞ്ഞവരിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തവരിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടവാക്കാത്ത തൊഴിൽ നികുതി 4650/- രൂപ അടവാക്കേണ്ടതുമാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്വയം തൊഴിൽ ചെയ്യുന്നവർക്കും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും കേരള പഞ്ചായത്തീരാജ് ചട്ടം3(2) മുതൽ11 വരെ അർദ്ധവാർഷിക നിരക്കിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1).കെ.എസ്.ഇ.ബി (Ist &IInd half)

2) ക്ഷീരോദ്പാദക സഹകരണ സംഘം, പാഞ്ഞാൾ

3) ക്ഷീരോദ്പാദക സഹകരണ സംഘം, പൈങ്കുളം

4) ക്ഷീരോദ്പാദക സഹകരണ സംഘം, കിള്ളിമംഗലം

5) ക്ഷീരോദ്പാദക സഹകരണ സംഘം, തെഴുപാടം

6) മുംതാസ് ഓഡിറ്റോറിയം, ചിറങ്ങോണം

7) സ്റ്റാർ ഇൻഡസ്ട്രീസ്, പൈങ്കുളം

8) ശക്തി സെറാമിക്സ്& ക്ലേ വർക്സ്, പൈങ്കുളം

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്

## 2-3 ഉത്സവബത്ത/ ബോണസ് എന്നിവ ഉൾപ്പെടാതെ മൊത്തം വരുമാനം കണക്കാക്കിയതിൽ നഷ്ടം

തൊഴിൽ നികുതി ഈടാക്കിയ ഒന്നാം അർദ്ധവർഷത്തിൽ ബോണസ്/ഉത്സവ ബത്ത എന്നിവ മൊത്തം വരുമാനത്തിൽ ഉൾപ്പെടാത്തതുമൂലം തൊഴിൽ നികുതി കുറവായി അടവാക്കിയവരുടെ പേരു വിവരം താഴെ കൊടുക്കുന്നു

| സ്ഥാപനം | പേര് | അർദ്ധവാർഷിക വരുമാനം | ഉത്സവബത്ത ഉൾപ്പെടെയുള്ള അർദ്ധവാർഷിക വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഗവ: ആർട്സ് &സയൻസ് കോളേജ് | വിലാസ്.സി.വി(OA) | 124260 | 126660 | 1000 | 1250 | 250 |
| | സുമേഷ് | 124260 | 126660 | 1000 | 1250 | 250 |
| | ഗീത.എ | 123497 | 125897 | 1000 | 1250 | 250 |
| | ശ്യാമ.വി.എസ് | 124260 | 126660 | 1000 | 1250 | 250 |
| | വിപിൻ.എ.എം | 124260 | 126660 | 1000 | 1250 | 250 |
| ആകെ | | | | | | 1250 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക ബന്ധപ്പെ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി &ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

പാഞ്ഞാൾ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന ക്രഷർ യൂണിറ്റ് ചേലക്കര ഗ്രാനൈറ്റ്സ്, കിള്ളി മംഗലം എന്ന സ്ഥാപനത്തിന് 2016-17 വർഷം ഡി & ഒ ലൈസൻസ് പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്തീ രാജ് ചട്ടങ്ങൾ 18 അനുസരിച്ച് വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന 100HP മുതൽ 200HP വരെയുള്ള യന്ത്രസാമാഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനത്തിന് പരമാവധി ചുമത്താവുന്ന ലൈസൻസ് ഫീസ് 2000 രൂപയും തുടർന്നുള്ള ഓരോ കുതിര ശക്തിക്കും 10 രൂപയുമാണ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് ഫീ കണക്കാക്കിയതിൽ താഴെ പറയും പ്രകാരം കുറവു കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഡിമാന്റ് രജിസ്റ്റർ നം | പേരു വിവരം | ഉപയോഗിക്കുന്ന കുതിര ശക്തി | ഈടാക്കേണ്ടത് | ഈടാക്കിയ മെഷീനറി ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 3 | കെ.ആർ വിശ്വനാഥൻ, ചേലക്കര ഗ്രാനൈറ്റ്സ്, കിള്ളിമംഗലം | 850HP | 8500 | 4300 | 4200 |
| ആകെ | | | | | | 4200 |

കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ സാക്ഷ്യപത്രപ്രകാരം ഫയൽ നം PCB/RO-EKM/491 /TRI/0L-206/15 തിയ്യതി 15.10.2015 പ്രകാരം 850 HP ക്കാണ് അനുമതി കൊടുത്തിരിക്കുന്നത്. എന്നാൽ മുൻ വർഷങ്ങളിൽ നൽകിവരുന്ന 430 HP ക്കാണ് നിലവിൽ യന്ത്രത്തിന്റെ കുതിര ശക്തി കണക്കാക്കി ലൈസൻസ് ഫീ വാങ്ങിവരുന്നത്. മേൽ സൂചിപ്പിച്ച മെറ്റൽ ക്രഷറുകളിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി കണക്കാക്കി കുറവു വന്ന തുക 4200/- രൂപ ഈടാക്കേണ്ടതാണ്.

## 2-5 പെർമിറ്റ് ഫീയ്ക്കു പകരം NOC ഈടാക്കി

10.01.2014 ലെ സർക്കാർ ഉത്തരവ് (MS) 10/14/LSGD പ്രകാരം 100M$^2$ന് മുകളിൽ വിസ്തൃതിയുള്ള ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമാണെന്നിരിക്കെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 2016 ജനുവരിയിൽ കെട്ടിടനിർമ്മാണാനുവാദത്തിന് അപേക്ഷിച്ച താഴെ പറയുന്ന വ്യക്തിക്ക് ബിൽഡിംഗ് പെർമിറ്റിനു പകരം NOC യാണ് അനുവദിച്ചിരിക്കുന്നത്.

| ഡിമാന്റ് | പേരു വിവരം | കെട്ടിടത്തിന്റെ | ഈടാക്കേണ്ട |
|---|---|---|---|

| രജസ്റ്റർ നം. | | വിസ്തീർണ്ണം | പെർമ്മിറ്റ് ഫീ |
|---|---|---|---|
| 32 | ഉണ്ണികൃഷ്ണൻ, അമ്പലപറമ്പിൽ, പൈങ്കുളം | 105.50m$^2$ | 105.50x3 =316.5 |

മേൽപറഞ്ഞ വ്യക്തിയിൽ നിന്നും ബിൽഡിംങ്ങ് പെർമ്മിറ്റ് ഫീക്ക പകരം എൻ.ഒ.സി അനവദിച്ചതിൽ നഷ്ടം ഉണ്ടായ തുക ഈടാക്കേണ്ടതാണ്.

## 2-6 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

പൈങ്കുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷം ഡി.സി.ബി രജിസ്റ്റർ പരിശോധിച്ചതിൽ പല രജിസ്റ്ററുകളും അപൂർണ്ണമാണ്.കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീ ഇനത്തിലുള്ള വരവിനങ്ങളുടെ വാർഷിക സംക്ഷിപ്തം എഴുതിയിട്ടില്ല. പെർമിറ്റ് ഫീ അടച്ചതു സംബന്ധിച്ച തുകയുടെ വിവരങ്ങൾ, രസീതി നമ്പർ എന്നിവ എഴുതുന്നില്ല. പുതുതായി നമ്പറിട്ട കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ വസ്തുനികുതി നിർണയ ഫോറം, കംപ്ലീഷൻ പ്ലാൻ എന്നിവ പല അപേക്ഷ ഫയലിലും വച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനവദിച്ചതു മുതൽ കെട്ടിടത്തിന് നമ്പറിടുന്നതുവരെയുള്ള ഫയലുകൾ ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണ്. എല്ലാ രജിസ്റ്ററുകളിലും വാർഷിക സംക്ഷിപ്തം എഴുതാനും വസ്തുനികുതി സംബന്ധിച്ച ഡി.സി.ബി രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതുമാണ്.

## 2-7 വസ്തു നികുതി കുറവായി നിർണ്ണയം നടത്തി

സർക്കാർ ഉത്തരവ് (അ)നം 36/15/LSGD/2015(SRO NX 100/150) FEB 2015 പ്രകാരം 2011 ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൻമേൽ (സ.ഉ(അ) 19/11/ത.സ്വ.ഭ.വ 14.01.2011(SRO NO 36/1) ഭേദഗതി ചെയ്തതനുസരിച്ച് ആയുർവേദ സുഖ ചികിത്സ കേന്ദ്രങ്ങൾക്ക് നിശ്ചയിച്ച വസ്തുനികുതി നിരക്ക് 150നും 160നും ഇടയിലാണ്. 2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നിള റിസോർട്ട്, പൈങ്കുളം എന്ന സ്ഥാപനത്തിന് നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി 80രൂപയാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തന്നെ നികുതി നിരക്കിൽ വലിയ വ്യത്യാസമാണ് ഉണ്ടാകുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു

| കെട്ടിട നം | സ്ഥാപനത്തിന്റെ വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | പുതിയ നിരക്കിൽ ഈടാക്കേണ്ടത് | പഴയ നിരക്കിൽ ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1/307 | എം.ഗിരിജൻ മേനോൻ, നിള റിസോർട്ട്സ് | 66m$^2$ | 8910(ദ്വിതീയ മേഖല 10%ഇളവ്) | 5280 | 3630 |
| 1/308 | -do- | 148m$^2$ | 19980 | 10752 | 9228 |
| 1/309 | -do- | 80m$^2$ | 10800 | 5120 | 5680 |
| 1/310 | -do- | 32m$^2$ | 4320 | 2048 | 2272 |
| | | | | | 20810 |

മേൽപറഞ്ഞ കെട്ടിടങ്ങൾക്ക് മിനിമം വസ്തുനികുതി നിരക്ക പ്രകാരം കണക്കാക്കുമ്പോൾ നിലവിലുള്ള നിള റിസോർട്ടിന്റെ കെട്ടിടങ്ങൾക്ക് 20810 അധികം ഈടാക്കേണ്ടതുണ്ട്. കുറവായി ഈടാക്കിയ 20810/- രൂപ ഈടാക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റിൽ മാറ്റം വരുത്തേണ്ടതുമാണ്.

## 2-8 സാംഖ്യ രസീതികൾ സ്റ്റേഷനറി നമ്പറിൽ വ്യത്യസ്തം

07.01.2017 ൽ ഡി.ഡി.പി യിൽ നിന്ന് പഞ്ചായത്തിന് ലഭ്യമായ സാംഖ്യാ രശീതികളിലെ(ക്യാഷ്) സ്റ്റേഷനറി നമ്പർ വ്യത്യാസപ്പെട്ടിരിക്കുന്നു. ഡിഡിപിയിൽ നിന്ന ലഭിച്ച രസിപ്റ്റിൽ സ്റ്റേഷനറി നമ്പർ 9540001 മുതൽ 9546000 വരെ 6000 എണ്ണം എന്നാണ്. യഥാർത്ഥത്തിൽ സ്റ്റേഷനറി നമ്പർ 954001 മുതൽ 960000വരെ എന്നാണ് (DD no 597171/6.1.2017). സാംഖ്യ ക്യാഷ് രശീതി സ്റ്റോക്കിലെടുത്തത് 25.01.2017 ലാണ്. എല്ലാ മാന്വൽ/സാംഖ്യ രശീതി ബുക്കുകളും സ്റ്റോക്കിലെടുക്കുമ്പോൾ സ്റ്റേഷനറി നമ്പറിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

## 2-9 മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നില്ല

വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 6 മൊബൈൽ ടവറുകൾ ഉള്ളതായും ആയവ 2008-09 മുതൽ വസ്തു നികുതി അടവാക്കിയിട്ടില്ലാത്തതുമാകുന്നു. പഞ്ചായത്ത് പരിധിയിലുള്ള മെബൈൽ ടവറുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ടവർ | കെട്ടിട നമ്പർ | ഡിമാന്റ് ചെയ്ത വസ്തുനികുതി, പലിശ | നികുതി കുടിശ്ശികയുള്ളത് |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കിള്ളിമംഗലം | 9/693 | 37332+29092 | (2008-09 മുതൽ) |
| 2 | -do- | 9/756 | 113116+26511 | (2011-12 മുതൽ) |
| 3 | -do- | 9/703 | 99880+15287 | 2009-10 മുതൽ |
| 4 | -do- | 9/692 | 120880+33492 | (2008-09 മുതൽ) |
| 5 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പൈങ്കുളം | 2/395 | 100800+21120 | 2013-14 മുതൽ |
| 6 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 5/493 | 56013+19357 | (2010-11 മുതൽ) |

വാർഡ് അടിസ്ഥാനത്തിൽ എത്ര മൊബൈൽ ടവറുകൾ ഉണ്ടെന്ന വിവരവും മേൽപറഞ്ഞ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്ന് വസ്തുനികുതി കൃത്യമായി ഈടാക്കുന്നുണ്ടെന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിച്ചു കാണുന്നില്ല. മൊബൈൽ ടവറുകളിൽ നിന്ന് ഏറ്റവും പുതിയ വസ്തുനികുതി പരിഷ്കരണം അനുസരിച്ചുള്ള വസ്തുനികുതി ഈടാക്കാനും തനതു വരുമാനം വർദ്ധിപ്പിക്കത്തക്കവിധത്തിൽ പഞ്ചായത്ത് അധികാരികൾ നടപടികൾ എടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വാർഡ് തലത്തിൽ പ്രാദേശിക പരിശോധന നടത്തി മേൽക്കാണിച്ച ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുൾപ്പെടെ എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-10 കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ(അംഗീകാരം നൽകലും നിയന്ത്രിക്കലും) ആക്ട് അനുസരിച്ചുള്ള അംഗീകാര പത്രം ഇല്ല

2007ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ(അംഗീകാരം നൽകലും നിയന്ത്രിക്കലും) ആക്ട് (2007 ലെ 28 ാം ആക്ട്) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസിനു പുറമെ ഈ വകുപ്പ് പ്രകാരം നൽകുന്ന അംഗീകാര പത്രം കൂടി ഇല്ലാതെ യാതൊരാളും ആയുർവേദ ആരോഗ്യ കേന്ദ്രം നടത്താൻ പാടില്ല എന്നതാണ്. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന നിള ആയുർവേദ റിസോർട്ട് ഡി & ഒ ലൈസൻസിനു പുറമെ മേൽ സൂചിപ്പിച്ച അംഗീകാരപത്രം നേടിയതായി കാണുന്നില്ല. ആയതിനാൽ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-11 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. തൻവർഷം 5 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക പഞ്ചായത്തിന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടർ തിയതി | പ്രൊജക്ട് നം/പേര് | അടങ്കൽ ₹ | ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ട തുക₹ (vat അടക്കം) |
|---|---|---|---|
| 12.1.17 | 89/17, പടിഞ്ഞാറേക്കുന്ന് റീടാറിംഗ് | 550000 | 2x1155=2310 |
| 12.1.17 | 76/17, പാറപ്പുറം മണ്ഡപം അഭിവൃദ്ധിപ്പണി | 500000 | 3x1050=3150 |
| 12.1.17 | 78/17,പടിഞ്ഞാറേ കൊണവൂർപടി റോഡ് ടാറിംഗ് | 200000 | 2x525= 1050 |
| 12.1.17 | 80/17, ദേവസ്സിപ്പടി റോഡ് | 550000 | 3x1155=3465 |
| 18.2.17 | 227/17, താഴത്തെ അത്തിക്കപ്പറമ്പ് കുടിവെള്ള പദ്ധതി | 502830 | 2x1160=2320 |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 <u>വാടകയില്ലാതെ പ്രവർത്തിക്കുന്നു</u>

2016-17 സാമ്പത്തിക വർഷം പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോപ്ലക്സ്, വനിത വ്യവസായ കേന്ദ്രം എന്നിവയിലെ മുറികൾ വാടകക്കു നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ 2 മുറികളും വനിതാവ്യവസായ ബിൽഡിംങ്ങിലെ 7 മുറികളും ഒഴിഞ്ഞുകിടക്കുന്നു. അവയിൽ ചില മുറികൾ വാടകയില്ലാതെ പ്രവർത്തിക്കുന്നവയാണ്. വിശദവിവരം താഴെ കൊടുക്കുന്നു

| പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് | |
|---|---|
| കെട്ടിട നം | പ്രവർത്തിക്കുന്ന വിധം |
| IX/113B | വനിത കാന്റീനായി പ്രവർത്തിച്ച മുറി ഒഴിഞ്ഞു കിടക്കുന്നു |
| IX/113D | മാവേലി സ്റ്റോർ വാടകയില്ലാതെ പ്രവർത്തിക്കുന്നു. (ഒരു മുറിയുടെ വാടക മാത്രമേ വാങ്ങുന്നുള്ളൂ) |
| ജില്ലാ പഞ്ചായത്ത് വനിതാ വ്യവസായ കേന്ദ്രം | |
| XIV/221 | ആഗ്രഹ ടൈലറിംങ്ങ് യൂണിറ്റ് പ്രവർത്തിക്കുന്നു.കറന്റ് കണക്ഷൻ,ടോയ്‌ലറ്റ് സൌകര്യം എന്നീ അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാത്തതിനാൽ വാടകയില്ലാതെ പ്രവർത്തിക്കുന്നു. |
| XIV/221(near) | നാടൻ പച്ചക്കറി വിപണന കേന്ദ്രം ഹരിത ലീഡർ സംഘം, വാടകയില്ലാതെ പ്രവർത്തിക്കുന്നു. |
| -do- | നാടൻ പച്ചക്കറി വിപണന കേന്ദ്രം ഹരിത ലീഡർ സംഘം, വാടകയില്ലാതെ പ്രവർത്തിക്കുന്നു. |
| -do- | കെട്ടിടത്തിനു മുകളിലുള്ള ഒരു മുറി , അടഞ്ഞു കിടക്കുന്നു, വാടകയില്ലാതെ പ്രവർത്തിക്കുന്നു. |
| XIV/218 | പോസ്റ്റ് ഓഫീസായി പ്രവർത്തിക്കുന്നു, വാടകയില്ലാതെ പ്രവർത്തിക്കുന്നു. |

മേൽപറഞ്ഞ വാടകയില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കാനുള്ള നടപടികൾ സത്വരം എടുക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>തെരുവുനായ നിയന്ത്രണം(ABC പ്രോഗ്രാം)-</u>

## കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

പ്രൊജക്ട് നം-42/17

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറിബിൽനം-26/16-17 തി.17.2.17 തുക-75000/-

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ABC on Wheels എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവുനായ്ക്കളെ വന്ധ്യകരിക്കാനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 75000/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കുള്ള അക്കൗണ്ടിലേക്ക് (no.799011400000646)'ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതിയോ, വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 75000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-2 പൊതു ടാപ്പുകൾ- സംയുക്ത പരിശോധന നടത്തി ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 118 പൊതുടാപ്പുകൾക്കായി 51625/ -രൂപ പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനലഭ്യത വളരെ കുറവായതിനാൽ തനതുഫണ്ടിൽ ചെലവഴിച്ച തുക ഗ്രാമപഞ്ചായത്ത് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രൊജക്ട് തയ്യാറാക്കി തനതുഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തുവരികയാണ് . 118 ടാപ്പുകൾക്കുള്ള വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് 619500 രൂപയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതിയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 –പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

2016-17 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.2016-17 സാമ്പത്തികവർഷത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാഷ് ബുക്ക് ഹാജരാക്കിയില്ല.

2.ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ, ബിൽ നമ്പർ, തീയതി എന്നിവ മിക്കതിലും രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിൽ ചേർത്തതിന്റെ വിശദാംശം ആയതിനാൽതന്നെ കൃത്യമാണോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ട്രാൻസ്പോർട്ടേഷൻ ചാർജ് അധികം അനുവദിച്ച

ട്രഷറി ബിൽ നം-1/14.12.16 തുക-460500/-

13.12.16 ൽ ടി.എച്ച്.ആർ.എസ് മിശ്രിതം അംഗൻവാടികളിൽ വിതരണം നടത്തിയതിന് 1261/- രൂപ ശ്രീ.രവി.പി എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2016 ഡിസംബർ മാസത്തിൽ ടി.എച്ച്.ആർ.എസ് ഇറക്കിയതുമായി ബന്ധപ്പെട്ട ഇൻവോയ്സ് ബിൽ ലഭിച്ചിട്ടില്ല. അപ്രകാരം അനുവദിച്ച 1261/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

4.സ്റ്റോക്ക് കുറവായി ലഭിച്ചത്(23.6.16 ൽ അനുവദിച്ച കേന്ദ്രഫണ്ട് തുക-340218/-)

കിള്ളിമംഗലം നീതി സ്റ്റോറിൽ നിന്നും ഇൻവോയ്സ്.നം.7129/30.3.16 പ്രകാരം 247005/- രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ഇറക്കിയിട്ടുണ്ട്. ആയതിൽ നിലക്കടല 234 Kg ന് 110/- രൂപ നിരക്കിൽ 25740/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ കൈപ്പറ്റ് പ്രകാരം 224 kg മാത്രമെ കൈപ്പറ്റിയിട്ടുള്ളൂ. കുറവായി ലഭിച്ച 10 കി.ഗ്രാം നിലക്കടലയുടെ വിലയായ 1110/- രൂപ നീതിസ്റ്റോറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സെറിബ്രൽ പാൾസി ചെയർ-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സപ്ലൈ ചെയ്തു.

2016-17 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രം നിർവ്വഹണം നടത്തിയ പെയിൻ & പാലിയേറ്റിവ് പ്രൊജക്ടിനായി നീതി മെഡിക്കൽ സ്റ്റോർ, കുണ്ടുകാടിൽ നിന്നും ബിൽനം.750/23.3.17 പ്രകാരം കമ്മോഡ് ചെയർ 2 എണ്ണം(857/- രൂപ വീതം )സെറിബ്രൽ പാൾസി ചെയർ 1 എണ്ണം (24000/-രൂപ)എന്നിവ വാങ്ങിയിട്ടുണ്ട് (ട്രഷറിബിൽ നം.15/27.3.17 തുക-27878/-). 23.3.17 ൽ ബിൽ പ്രകാരമുള്ള ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ സെറിബ്രൽ പാൾസി ചെയർ 24.10.17 വരെ വിതരണം ചെയ്തിരുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 12 പ്രകാരം സ്റ്റോക്കിലെടുത്ത ഉപകരണങ്ങൾ, വിതരണം ചെയ്ത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ നീതി മെഡിക്കൽ സ്റ്റോറുമായി ബന്ധപ്പെടുകയും ഉപകരണം 24.10.17 ൽ സ്ഥാപനത്തിൽ ലഭ്യമാക്കുകയും, അതേ ദിവസം തന്നെ വിതരണം ചെയ്തതായി അറിയിക്കുകയും ചെയ്തു.

ബിൽ പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതോടൊപ്പം തന്നെ ഉപകരണങ്ങൾ കൈപ്പറ്റിയാൽ കൈപ്പറ്റിയ തീയതി കൂടി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 3-5 സമഗ്രക്ഷീരവികസനം-പാലിനു സബ്സിഡി-ഗുണഭോക്താക്കൾക്കു തുക കൈമാറിയതിനും ,തുകലഭിച്ചതിനും രേഖകളില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-ഡയറി ഫാം ഇൻസ്പെക്ടർ

ട്രഷറി ബിൽ നം-1/16-17 തിയതി.15.3.17 തുക-440000/-

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി അനുവദിക്കുന്നതിനായി താഴെ പറയും പ്രകാരം 3ക്ഷീരസംഘങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| സംഘം | അനുവദിച്ച തുക |
|---|---|
| കിള്ളിമംഗലം പാൽസൊസൈറ്റി | 232947 |
| പൈങ്കുളം പാൽസൊസൈറ്റി | 58640 |
| പാഞ്ഞാൾ പാൽസൊസൈറ്റി | 148413 |

ക്ഷീരസംഘങ്ങളുടെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സംഘങ്ങൾ ഗുണഭോക്താക്കൾക്കു സബ്സിഡി തുക വിതരണം ചെയ്തതിന്റെയോ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 440000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ് കിൻ- തുക മുഴുവൻ നൽകിയിട്ടും നാളിതുവരെ അലമാരകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണം-ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, തൊഴുപ്പാടം

പ്രൊജക്ട് നം-114/17

ട്രഷറിബിൽനം-2/18.11.16-തുക-235920/-

സ.ഉ.നം.280/16/ത.സ്വ.ഭ.വ തീയതി 25.1.16 പ്രകാരം വാർഷികപദ്ധതിയിൽ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഷീ പാഡ് പദ്ധതിക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി തുക വകയിരുത്തുകയും നിശ്ചിതതുകയുടെ 50% അഡ്വാൻസ് ആയി കേരള സ്റ്റേറ്റ് വനിതാവികസന കോർപ്പറേഷന് നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ മേൽ പ്രൊജക്ടിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ട മേൽ പ്രവൃത്തി യുവജന വികസന പരിപാടിയിലാണ് ഉൾപ്പെടുത്തിയത്.

2.50% മുൻകൂർ തുക അനുവദിക്കുന്നതിനു പകരം പ്രൊജക്ടിനാവശ്യമായ മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറി.

(702 വിദ്യാർത്ഥിനികൾക്ക് 6 മാസത്തേക്ക് 33.50 രൂപ വീതം 141102/- രൂപ നാപ്കിനുകൾക്കും,ഇൻസിനേറ്റർ 1 ന് 40242/- രൂപയും,3 അലമാരകൾക്കുള്ള തുക 54576/- രൂപയും ഉൾപ്പെടെ ആകെ 235920/- രൂപയാണ് അനുവദിച്ചത് ).

3.നാപ്കിനുകളും ഇൻസിനേറ്ററും 2017 സെപ്റ്റംബർ മാസത്തിൽ ലഭിച്ചിട്ടുണ്ട്. നാപ്കിനുകളും, ഇൻസിനേറ്ററും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

18.11.16 ൽ തുക നൽകി നാളിതുവരെ അലമാരകൾ ലഭ്യമായിട്ടില്ല. അലമാരകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം-112/17

നിർവ്വഹണോദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, തൊഴുപ്പാടം

ട്രഷറിബിൽനം-1/16-17 തി.18.11.16,തുക-500000/-

2016-17 സാമ്പത്തികവർഷം എസ്.എസ്.എ റിക്വിസിഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായ 946200/- രൂപ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം തുക നൽകി. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും, ആകെ ചെലവഴിച്ച തുകയുടെ 40% ത്തിൽ അധികരിച്ച് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് എസ്.എസ്.എ യിൽ നിന്ന് തിരികെ ലഭ്യമാക്കുകയോ, വരുംവർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുക 500000/- തടസ്സപ്പെടുത്തുന്നു.

## 3-8 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി-കാലിത്തീറ്റവിതരണം സംബന്ധിച്ച് വ്യക്തതയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രൊജക്റ്റ്.നം-70/17

ട്രഷറിബിൽ.നം-2/16-17 തി.10.3.17 തുക-500000/-

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.11.16 ലെ 1(4) തീരുമാനപ്രകാരം 147 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തീറ്റവിതരണത്തിനായി കിള്ളിമംഗലം ക്ഷീരസഹകരണസംഘത്തെ 18.4.17 ലെ 16(2) ഭരണസമിതി തീരുമാനപ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. 40 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി വികസനഫണ്ടിൽ നിന്നും മേൽപ്രകാരം തുക പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്.(A/C no.713011400000034).

1.ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത 147 പേരിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ 40 പേർ ഉൾക്കൊള്ളുന്ന ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2.കിള്ളിമംഗലം ക്ഷീരസഹകരണസംഘം വഴി വിതരണം ചെയ്ത കാലിത്തീറ്റയുടെ നാൾവഴി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.9.17 ലെ 4(1) തീരുമാനപ്രകാരം കിള്ളിമംഗലം പാൽ സൊസൈറ്റി വഴി പദ്ധതി നടപ്പാക്കാൻ സാങ്കേതികപ്രശ്നങ്ങൾ ഉള്ളതിനാൽ തീറ്റവിതരണം പാഞ്ഞാൾ പാൽ സൊസൈറ്റി വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ക്ഷീരസംഘത്തെ മാറ്റി പദ്ധതി

നിർവ്വഹണം നടത്താൻ തീരുമാനമെടുത്തെങ്കിലും പദ്ധതി ആരംഭിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. നടത്തിപ്പ് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ നിലവിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക 500000/-തടസ്സപ്പെടുത്തുന്നു.

# 3-9 ഗ്രാമപഞ്ചായത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം ഏറ്റെടുത്ത ക്ഷീരസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.9.17 ലെ 4(1) തീരുമാനപ്രകാരം കന്നുകുട്ടി തീറ്റവിതരണം സംബന്ധിച്ചുള്ള വെറ്ററിനറി സർജന്റെ കത്ത് യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കിള്ളിമംഗലം പാൽ സൊസൈറ്റിയിൽ നിന്നുമാണ് കാലിത്തീറ്റവിതരണത്തിന് അനുമതി നൽകിയിരുന്നുവെന്നും ,എന്നാൽ ചില സാങ്കേതികകാരണങ്ങളാൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ തീററ വിതരണം പാഞ്ഞാൾ സൊസൈറ്റി വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം ക്ഷീരസഹകരണസംഘം ഏറ്റെടുത്ത കന്നുകുട്ടിപരിപാലന പ്രൊജക്ടിന്റെ തീറ്റവിതരണം ആരംഭിച്ചിരുന്നുവോ എന്നതും, എത്രമാസം തീറ്റവിതരണം നടത്തിയെന്നോ എന്നതിന്റെയോ രേഖകൾ ലഭ്യമാക്കിയില്ല.

പാഞ്ഞാൾ ക്ഷീരസംഘം വഴി തീറ്റവിതരണം നടത്താൻ തീരുമാനിച്ചെങ്കിലും തീറ്റവിതരണവുമായി ബന്ധപ്പെട്ട യാതൊരു രേഖയും ടി സംഘവും ഹാജരാക്കിയിട്ടില്ല. കന്നുകുട്ടി പരിപാലനം 6 മാസം മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്കായതിനാൽ മുൻ വർഷങ്ങളിൽ ആരംഭിച്ച പ്രൊജക്ടുകളും നിലവിലും തുടർന്നു വരുന്നതാണ്. ഈ പ്രൊജക്ടുകളിലെ തീറ്റവിതരണത്തിന്റെ നിലവിലെ അവസ്ഥയും അറിയാൻ സാധിക്കുന്നില്ല.

കന്നുകുട്ടി പരിപാലനം തീറ്റവിതരണം കൂടാതെ ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി തുകയും കിള്ളിമംഗലം പാൽ സൊസൈറ്റി മുഖേന വിതരണം നടത്താൻ സംഘം അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ഗുണഭോക്താക്കൾക്കു വിതരണം ചെയ്ത രേഖകളും സംഘം ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രൊജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സംഘത്തിൽ നിന്നും ലഭ്യമാക്കേണ്ടതും, ഗുണഭോക്താക്കൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ മറ്റു സ്ഥാപനങ്ങൾ വഴി വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-10 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് നം.-55/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,ഹോമിയോ

ട്രഷറിബിൽനം-1/16-17 തിയതി.30.12.16 തുക-150000/-

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങലിനായി ഹോംകോ, ആലപ്പുഴയുടെ 150000/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PF852/27.12.16 പ്രകാരം തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 102530/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.(ഇൻവോയ്സ് നം.LF-286/30.6.17). ബാക്കി 47470/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-11 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ-പാലിയേറ്റീവ് നഴ്സിനുള്ള ഫോൺ അലവൻസ് അനുവദനീയമല്ല

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 പ്രകാരം (ജി.ഒ.(ആർ.ടി)3217/15 ത.സ്വ.ഭ.വ തിയതി 29.10.15) പാലിയേറ്റീവ് നഴ്സിനുള്ള ഫോൺ അലവൻസ് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. എന്നാൽ ട്രഷറി ബിൽ നം.14/27.3.17 പ്രകാരം പിൻവലിച്ച 61842/- രൂപയിൽ പാലിയേറ്റീവ് നഴ്സായ ശ്രീമതി.മോഹന.കെ എന്നവർക്ക് 4/16 മുതൽ 3/17 വരെയുള്ള കാലയളവിലെ ഫോൺ അലവൻസ് 3600/- രൂപ അനുവദിച്ചിട്ടുണ്ട്. 7.11.16 ൽ നടന്ന പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് തുക അനുവദിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 12/24.10.17). സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശപ്രകാരം പ്രൊജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 3-12 വനിതാ ഭവന പുനരുദ്ധാരണം-വനിതാഘടകപദ്ധതിയിൽ ഏറ്റെടുത്തു-അർഹത പരിശോധിച്ചില്ല.

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കേണ്ടതാണെന്നും ഇതിനായി വികസന ഫണ്ടിൽനിന്നും 10% തുക വനിതാ ഘടക പദ്ധതിക്ക് നീക്കിവയ്ക്കേണ്ടതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരാളമായി എത്തുന്ന ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്കു മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും, സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീകൾക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ വനിതാഘടക പദ്ധതിയിൽ ഭവനപുനരുദ്ധാരണം-വനിത എന്ന പ്രൊജക്ടാണ് ഉൾപ്പെടുത്തി നടപ്പാക്കിയത്. ആകെ അടങ്കൽ തുകയായി 1050000/-രൂപ വകയിരുത്തിയ മേൽ പ്രൊജക്ടിന്റെ ആകെ ചെലവ് 735,000/-രൂപയാണ്. ഗുണഭോക്താക്കളിൽ മിക്കവരും സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങൾ അല്ല (ഹാജരാക്കിയ റേഷൻകാർഡു പ്രകാരം ഭർത്താവും,പ്രായപൂർത്തിയായ ആൺമക്കളും ഉൾപ്പെട്ടിട്ടുണ്ട്). വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പ്രൊജക്ടുകൾക്ക് മുൻഗണന നൽകി ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പൊതുമരാമത്ത് മേഖല- തൻ വർഷത്തെ പുതിയ പ്രൊജക്ടുകളുടെ കുറഞ്ഞ ഫണ്ട് വിനിയോഗം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത്/ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|---|
| പുതിയ പ്രൊജക്ടുകൾ | എണ്ണം | 75 | 48 | 64 |
| | തുക | 19202862 | 6051698 | 31.51 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | എണ്ണം | 56 | 51 | 91.07 |
| | തുക | 6811617 | 6188823 | 90.85 |
| ആകെ | എണ്ണം | 131 | 99 | 75.57 |
| | തുക | 26014479 | 12240521 | 47.05 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 75% പ്രൊജക്ടുകളിൽ തൻവർഷം തുക ചെലവഴിക്കാനായിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 47% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഏകദേശം 1 കോടി 37 ലക്ഷത്തോളം രൂപ (26014479-12240521) ചെലവഴിച്ചില്ല. മുൻവർഷങ്ങളിൽ പൂർത്തിയായ പ്രൊജക്ടുകൾക്ക് തനത് ഫണ്ടിൽ നിന്നും നൽകാനുണ്ടായിരുന്ന തുക തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയതാണ് വിനിയോഗശതമാനം ഇത്രയെങ്കിലും ഉയരാനുണ്ടായ കാരണം. സ്പിൽ ഓവർ പ്രവൃത്തികളുടെ ഫണ്ട് വിനിയോഗം 90 ശതമാനമാണ്. അതേ സമയം തൻവർഷത്തെ പുതിയ പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം 31 ശതമാനം മാത്രമാണ്. ആകെ ചെലവഴിക്കാനായ 6051698 രൂപയിൽ 24 ലക്ഷത്തോളം രൂപ ടാർ വാങ്ങുന്നതിനായി മുൻകൂർ പിൻവലിച്ച തുകയാണ്.

ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-14 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയാണ് കെട്ടിട തൊഴിലാളിക്ഷേമനിധി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകുന്നത്. എന്നാൽ ഇതു സംബന്ധിച്ച് ക്ഷേമനിധി ബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ല. 2016-17 തുടക്കത്തിൽ ഡി.ഡി മുഖേന 5 പ്രവൃത്തികളുടെ ക്ഷേമനിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രശീതികൾ ലഭ്യമായിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ നടത്തിയ ക്ഷേമനിധി വിഹിതം സംബന്ധിച്ച് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. കൃത്യമായ രജിസ്ററർ സൂക്ഷിക്കേണ്ടതും ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 ടാർ, എമൽഷൻ എന്നിവക്ക് അടവാക്കിയ തുകയിൽ ബാക്കിയുള്ള തുക തിരികെ ലഭിച്ചിട്ടില്ല

തൻവർഷം ടാർ, എമൽഷൻ എന്നിവ വാങ്ങുന്നതിനായി 2451360 രൂപ പിൻവലിച്ച് മുൻകൂർ ആയി ഹിന്ദുസ്ഥാൻ പെട്രോളിയം, ഹിൻകോൾ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ട ടാർ, എമൽഷൻ എന്നിവ സ്ഥാപനങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഇൻവോയ്സ് പ്രകാരം

2428263 രൂപയാണ് ഇതിനായി നൽകേണ്ട തുക. ആയതിനാൽ 23097 രൂപ( 2451360– 2428263) അധികമായി ഈ സ്ഥാപനങ്ങളുടെ പക്കൽ അവശേഷിക്കുന്നു. ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്ന സംഗതിയിൽ അധികമായി ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അതിന് ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാരസ്ഥാപനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയുംവാങ്ങേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം./പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽനം/തിയതി | ചെലവഴിച്ച തുക₹ |
|---|---|---|---|
| 1. | പ്രൊജക്ട് നം. 20/17; അത്തിലക്കാട് ഒന്നാം മെറ്റലിംഗ് | 92/31.3.17 | 396785 |
| 2. | പ്രൊജക്ട് നം. 75/17; ഉദുവടി ADS സെന്റർ | 93/31.3.17 | 239903 |
| 3. | പ്രൊജക്ട് നം. 75/17; വനിത തൊഴിൽ പരിശീലനകേന്ദ്രം, ചുണ്ടൻകാട് | 95/31.3.17 | 250000 |
| ആകെ | | | 886688 |

മേൽ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതുവരെ 886688 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല

ജി.ഒ.(പി) നം.07/2017/ഫിൻ തിയതി 23.1.17 ലെ ഖണ്ഡിക vi,vii,viii എന്നിവ പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ട്രഷറി കണക്കുകളുമായി ഒത്തുനോക്കേണ്ടതും പണമാക്കാത്ത ചെക്കുകളുടെ തുക നിലനിർത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. പ്രൊജക്ടുകൾ പൂർത്തിയാവാത്തപക്ഷം സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി വരുന്ന ചെലവ് സംയുക്ത പ്രൊജക്ടിൽ പങ്കെടുത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ തൻവർഷത്തെ വിഹിതത്തിൽ നിന്നും വീതിച്ചെടുക്കേണ്ടതാണ്. സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിലേക്ക് സംയുക്ത പ്രൊജക്ടുകൾക്ക് തുക നിക്ഷേപിക്കുന്ന വേളയിൽ അക്കൗണ്ട് സീറോ ബാലൻസ് ആണെന്ന് ട്രഷറി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണെന്നും ഉത്തരവിൽ പറയുന്നു.

എന്നാൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 40000 രൂപ അവശേഷിക്കുന്നു. സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക് വിഹിതമായി ലഭിച്ച തുകയാണിത്. ആയതിനാൽ ഉത്തരവിൽ പറയും പ്രകാരം ഈ തുക തിരിച്ചടക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 2016-17 ൽ പഞ്ചായത്തിൽ 1 കോടി 62 ലക്ഷം രൂപ ലാപ്സായി

2016-17 വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന് വിവിധ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 11075914 | 10213754 | 862160 | 92.21 |
| വികസനഫണ്ട് എസ്.സി.പി. | 7266609 | 4577809 | 2688800 | 62.99 |
| ധനകാര്യകമ്മീഷൻ അവാർഡ് | 6210829 | 4853311 | 1357518 | 78.14 |
| ലോകബാങ്ക് ധനസഹായം(കേന്ദ്രം) | 2492063 | 522015 | 1970048 | 20.09 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാനം) | 854941 | - | 854941 | 0 |
| റോഡിതര സംരക്ഷണഗ്രാന്റ് | 2964396 | 2412672 | 551724 | 81.38 |
| റോഡ് സംരക്ഷണഗ്രാന്റ് | 14476203 | 6505756 | 7970447 | 44.94 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - |
| ആകെ | 45340955 | 29085317 | 16255638 | 64.14 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 1 കോടി 62 ലക്ഷം രൂപയോളമാണ് തൻവർഷം ലാപ്സാക്കി കളഞ്ഞത്. ലോകബാങ്ക് ധനസഹായം, റോഡ് സംരക്ഷണഗ്രാന്റ് എന്നിവയുടെ ഫണ്ട് വിനിയോഗം കുറവാണ്. നിബന്ധനകൾക്ക് വിധേയമായിമാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

## 3-19 വയോജനങ്ങൾക്കായി നിർമ്മിച്ച വൃദ്ധസദനങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും തുറന്നു കൊടുത്തിട്ടില്ല

വയോജനനയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേകപരിപാടിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് 12ാം പദ്ധതി മാർഗ്ഗരേഖകളിൽ (സ.ഉ.(എം.എസ്) 4/2016 തിയതി 11.1.2016, സ.ഉ.(എം.എസ്) 362/2013 തിയതി 16.11.2013, സ.ഉ.(എം.എസ്) 225/2012 തിയതി 18.8.2012) പറയുന്നു. ജി.ഒ.(എം.എസ്) 39/2006 സാ.ക്ഷേ.വ. തിയതി 5.12.2006 പ്രകാരം പുറപ്പെടുവിച്ച സംസ്ഥാനവയോജനനയത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് കേരളത്തിലെ വയോജനങ്ങൾക്ക് വേണ്ടിയുള്ള കർമ്മപദ്ധതിയിലെ വിവിധ പരിപാടികൾ ദേശീയ തലത്തിൽ നടപ്പാക്കാനുള്ള ഔപചാരികമായ അടിസ്ഥാന ഏജൻസി

ഗ്രാമപഞ്ചായത്ത് ആയിരിക്കും. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിശദവിവരങ്ങളടക്കം അതതു പ്രദേശത്ത് 60 വയസ്സിനകം പ്രായമുള്ളവരുടെ അപ്പപ്പോഴുള്ള കണക്ക് സൂക്ഷിക്കുക, വാർദ്ധക്യകാലപെൻഷന് അർഹതയുള്ളവരെ കണ്ടെത്തുകയും അംഗീകരിക്കുകയും ചെയ്യുക, അർഹതയുള്ളവർക്ക് പെൻഷൻ നൽകുക, ഡേ കെയർ സെന്ററുകളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും ആ പ്രദേശത്ത് വൃദ്ധർക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ സൗകര്യങ്ങളുടെയും നടത്തിപ്പ്, മേൽനോട്ടം എന്നിവ നിർവ്വഹിക്കുക എന്നീ ചുമതലകളാണ് ഗ്രാമപഞ്ചായത്തിനുള്ളത്. വയോജനങ്ങൾക്ക് തങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും തങ്ങൾക്ക് വേണ്ടി സർക്കാർ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തി പ്രതികരിക്കുന്നതിനും ബന്ധപ്പെട്ട വയോജനങ്ങളുടെ ഒരു വേദി ഉണ്ടായിരിക്കുന്നത് അഭിലഷണീയമാണെന്നും വയോജനനയത്തിൽ പറയുന്നു.

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് വൃദ്ധജനങ്ങൾക്ക് വേണ്ടി വിവിധ വർഷങ്ങളിലായി വൃദ്ധസദനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ ചില വൃദ്ധസദനങ്ങൾക്കായി ഫർണീച്ചർ, ടി.വി.എന്നിവയും വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം/പേര് | അടങ്കൽ₹ | ചെലവഴിച്ച തുക₹ |
|---|---|---|---|
| 2012-13 | 204/13; തൊഴുപ്പാടം വൃദ്ധസദനത്തിന്റെ സൈഡ്കെട്ട് | 100000 | 100000 |
| " | 233/13;തൊഴുപ്പാടം സ്കൂൾ കോളനി വൃദ്ധസദനം | 500000 | 120118 |
| 2014-15 | 24/15;അയ്യൂർമഠപ്പറമ്പ് വൃദ്ധസദനത്തിന്റെ പൂർത്തീകരണം | 200000 | 200000 |
| " | 185/15; പടിഞ്ഞാറൻകുന്നിൽ വൃദ്ധസദനം നിർമ്മാണം | 325000 | 151745 |
| " | 115/15; പാഞ്ഞാൾ വൃദ്ധവിശ്രമകേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങലും ടി.വി.സ്ഥാപിക്കലും | 100000 | 40000 |
| 2015-16 | 94/16; പടിഞ്ഞാറൻകുന്നിൽ വൃദ്ധസദനം പൂർത്തീകരണം | 200000 | 197798 |
| " | പടിഞ്ഞാറൻകുന്നിൽ വൃദ്ധസദനം നിർമ്മാണം | 173225 | 156739 |
| ആകെ | | | 966400 |

(മേൽ കണക്കുകൾ പൂർണ്ണമല്ല. സുലേഖ പത്രിക പ്രകാരമുള്ള കണക്കാണ് ചേർത്തിരിക്കുന്നത്)

തൊഴൂപ്പാടം, അയ്യൂർമഠപ്പറമ്പ്, പടിഞ്ഞാറൻകുന്ന് എന്നിവിടങ്ങളിൽ വൃദ്ധസദനങ്ങളും പാഞ്ഞാളിൽ വൃദ്ധവിശ്രമകേന്ദ്രവും നിർമ്മിച്ചതായാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വയോജനനയം അനുസരിച്ച് ഡേ കെയർ സെന്ററുകളുടെ നടത്തിപ്പും മേൽനോട്ടവുമാണ് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നത്. വൃദ്ധസദനങ്ങൾ പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നില്ല. ഓഡിറ്റ് സമയത്ത് തൊഴൂപ്പാടം, അയ്യൂർമഠപ്പറമ്പ്, പാഞ്ഞാൾ എന്നിവിടങ്ങളിലെ വൃദ്ധസദനം/വൃദ്ധവിശ്രമകേന്ദ്രം എന്നിവ ഓഡിറ്റ് സംഘം സന്ദർശിക്കുകയുണ്ടായി. ഈ മൂന്നിടങ്ങളിലും വൃദ്ധസദനം/വൃദ്ധവിശ്രമകേന്ദ്രം പ്രവർത്തിക്കുന്നില്ല. നിർമ്മിച്ച കെട്ടിടങ്ങൾ അടച്ചിട്ടിരിക്കുകയാണ്. തൊഴൂപ്പാടം വൃദ്ധസദനത്തിലേക്ക് കസേരകൾ,കിടക്ക,കട്ടിൽ,ടി.വി. എന്നിവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം കെട്ടിടത്തിനകത്ത് പൊടിപിടിച്ച് കിടക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ ടി.വി. നാളിതുവരെ സ്ഥാപിച്ചിട്ടുപോലുമില്ല. കെട്ടിടത്തിന് വൈദ്യുതിബന്ധം ലഭിച്ചിട്ടുണ്ട്. പാഞ്ഞാൾ വൃദ്ധവിശ്രമകേന്ദ്രത്തിലേക്കും കസേരകൾ,കിടക്ക,കട്ടിൽ,ടി.വി. എന്നിവ വാങ്ങിയിട്ടുണ്ട്. ടി.വി. ഒഴികെ മറ്റെല്ലാം കെട്ടിടത്തിനകത്ത് സൂക്ഷിച്ചിട്ടുണ്ട്. അയ്യൂർമഠപ്പറമ്പ് കെട്ടിടത്തിന് വൈദ്യുതിബന്ധം ലഭിച്ചിട്ടില്ല.

വൃദ്ധജനക്ഷേമത്തിനായി ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങളും ഫർണീച്ചറും മറ്റ് ഉപകരണങ്ങളും നശിച്ച് കൊണ്ടിരിക്കുകയാണ്. കെട്ടിടങ്ങൾ നിർമ്മിച്ചും പർച്ചേയ്സുകളും നടത്തിയും പഞ്ചായത്ത് ഫണ്ട് ചെലവാക്കിയെങ്കിലും അതുകൊണ്ട് വയോജനങ്ങൾക്ക് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. വയോജനനയത്തിനനുസരിച്ച് മേൽ കെട്ടിടങ്ങളും വാങ്ങിയ സാമഗ്രികളും ഉപയോഗപ്രദമാക്കുന്നതിനുള്ള സത്വരനടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-20 പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ല

ചുണ്ടൻകാട് പട്ടികജാതി വനിത തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ പുനരുദ്ധാരണത്തിനായി തൻ വർഷം പ്രൊജക്ട് നം.52/17 ൽ ട്രഷറി ബിൽ 95/31.3.17 പ്രകാരം 250000 രൂപ ചെലവഴിച്ചിട്ടുണ്ട്. ചുറ്റമതിൽ കെട്ടുന്നതിനും ട്രസ്സ് വർക്ക് ചെയ്യുന്നതിനും പെയിന്റിംഗ് നടത്തുന്നതിനുമാണ് ഈ തുക ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റ് സമയത്ത് ഈ തൊഴിൽ പരിശീലനകേന്ദ്രം ഓഡിറ്റ് സംഘം സന്ദർശിക്കുകയുണ്ടായി. നാളിതുവരെയായിട്ടും പരിശീലനകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. പട്ടികജാതി വനിത തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | സമഗ്ര ക്ഷീരവികസനം കാലീതീറ്റ | 60000 | 40000 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |

വാർഷിക ധനകാര്യപത്രികയിൽ ജില്ലാപഞ്ചായത്താണ് വിഹിതം നൽകിയ സ്ഥാപനമായി കിടക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | കിള്ളിമംഗലം റോഡ് | 158500 | 0 | 158500 |
| | കടിക്കൽ പടി | 89240 | 0 | 89240 |
| | ഒലിപ്പാറ കോളനി | 52270 | 0 | 52270 |
| | ഇലക്ട്രിക്കൽ പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | 197000 | 0 | 197000 |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ | 152300 | 0 | 152300 |
| | മൂരിയൽപ്പടി റോഡ് | 125460 | 0 | 125460 |
| | മുല്ലക്കൽ കോളനി | 23917 | 0 | 23917 |
| | ശ്രീ പുഷ്കരം ഭാഗത്ത് മെയിൻവലിക്കൽ | 72715 | 0 | 72715 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപക്കൽ | 331450 | 0 | 331450 |
| | കൊണ്ടപുറത്ത് മംഗലംകുന്ന് കോളനി | 86390 | 0 | 86390 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5906/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|
| 3406 | നിമ,എ.ഇ | 11602100687,25.05.2016 |
| 2500 | KFCB,Ltd | 11602101002,17.06.2016 |
| 5906 | | |

മേൽ പറഞ്ഞ തുക 5906/- വാർഷികധനകാര്യ പത്രികയിലെ ഓഡിറ്റ് റിക്കവറി തുക 5926/- മായി പൊരുത്തപ്പെടുന്നില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-6 | 2014-15 | 4.2.6 | മണൽ ഓൺലൈൻ സംവിധാനം | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,തൃശ്ശൂർ ന് സമർപ്പിച്ചിട്ടുണ്ട് |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48299140 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45379767 |
| വരവിനങ്ങളിലുള്ള നഷ്ടം | 10416.5 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2371 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2401688 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 2-1 | 4650 | - | മനോജ്.പി.എൻ,സെക്രട്ടറി ഇൻ ചാർജ് |
| 2-3 | 1250 | - | മനോജ്.പി.എൻ,സെക്രട്ടറി ഇൻ ചാർജ് |
| 2-4 | 4200 | - | മനോജ്.പി.എൻ,സെക്രട്ടറി ഇൻ ചാർജ് |
| 2-5 | 316.5 | - | മനോജ്.പി.എൻ,സെക്രട്ടറി ഇൻ ചാർജ് |
| 3-3(3) | - | 1261 | പത്മജ.കെ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-3(4) | - | 1110 | മിനി.കെ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 10416.5 | 2371 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-1 | 75000 | ദുർഗ്ഗാദേവി, സെക്രട്ടറി |
| 3-5 | 440000 | സുരേഷ് കുമാർ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-7 | 500000 | സുഭദ്ര , ഹെഡ് മിസ്ട്രസ് |
| 3-8 | 500000 | ഡോ.ധന്യ , വെറ്ററിനറി സർജൻ |
| 3-16 | 886688 | സിബി.എ.പി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2401688 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നം | പേര് ,ഉദ്യോഗപേര് | സ്ഥിര മേൽവിലാസം |
|---|---|---|
| 2-1, 2-4, 2-3, 2-5 | മനോജ് പി.എൻ | പുന്നോപറമ്പിൽ ഹൗസ് കോലഴി |

| | | |
|---|---|---|
| 3-3(3) | പത്മജ.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | അന്നൂപ് നിവാസ്, പട്ടിപറമ്പ്, തിരുവില്ലാമല |
| 3-3(4) | മിനി.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഏനക്കാട്,വടക്കാഞ്ചേരി |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 66-67 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 67-68 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 68-69 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 70-71 | എൽ.എഫ്.ഇ3(1) 2094/74 /തീയതി 20.09.94 |
| 71-72 | എൽ.എഫ്.ഇ3(1) 3030/73 /തീയതി 24.09.93 |
| 72-73 | എൽ.എഫ്.ഇ3(1) 3960/74 /തീയതി 18.11.74 |
| 73-74 | എൽ.എഫ്.ഇ3(1) 6990/75 /തീയതി 11.01.75 |
| 74-75 | എൽ.എഫ്.ഇ3(1) 5821/76 /തീയതി 08.06.76 |
| 78-79 | എൽ.എഫ്.ടി.10- 1215/81/16.08.81 |
| 80-81 | എൽ.എഫ്.ടി.10- 695/82/17.09.82 |
| 81-82 | എൽ.എഫ്.ടി.10- 307/82/26.03.84 |
| 82-83 | എൽ.എഫ്.ടി.10- 356/85/06.06.85 |
| 84-85 | എൽ.എഫ്.ടി.10- 1196/87/02.12.85 |
| 85-86 | എൽ.എഫ്.ടി.10- 703/90/06.06.90 |
| 86-87, 87-88 | എൽ.എഫ്.ടി.10-906/90/24.09.90 |
| 88-89, 89-90 | എൽ.എഫ്.ടി.10- 1161/92/18.11.92 |
| 90-91 | എൽ.എഫ്.ടി.10- 1170/95/20.05.95 |
| 91-92 | എൽ.എഫ്.ടി.10- 1800/94/03.07.95 |
| 92-93, 93-94 | എൽ.എഫ്.ടി.10- 1800/93/20.11.93 |
| 96-97 | എൽ.എഫ്.ടി.10- 2138/95/20.08.96 |
| 97-98 | എൽ.എഫ്.ടി.10- 552/98/15.02.99 |
| 98-99 | എൽ.എഫ്.ടി.12- 997/98/15.02.99 |
| 99-2000, 2000-01, 01-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.10-1085/94/31.01.04/ 12.07.04 |
| 99-2000 | എൽ.എഫ്.ടി.10- 1480/07/31.01.04 /12.07.04 |

| | |
|---|---|
| 00-01 | എൽ.എഫ്.ടി.10- 1479/31.01.04 /12.07.04 |
| 01-02 | എൽ.എഫ്.ടി.10- 1478/31.01.04 /12.07.04 |
| 02-03 | എൽ.എഫ്.ടി.10- 1477/07/02.08.08 /03.10.08 |
| 03-04 | എൽ.എഫ്.ടി.10- 1468/08/28.05.10 |
| 04-05 | എൽ.എഫ്.ടി.10- 1469/28.05.10 /30.07.10 |
| 05-06 | എൽ.എഫ്.ടി.10- 2288/09/21.01.11 |
| 06-07 | എൽ.എഫ്.ടി.10- 2288/09/21.01.11 /02.07.11 |
| 07-08 | എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12 |
| 08-09 | എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12 |
| 09-10 | എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12 |
| 10-11 | എൽ.എഫ്.ടി.(പി.4)-544/12 തീയതി 02.06.12/06.08.12 |
| 11-12 | എൽ.എഫ്.ടി.(പി.4)-2037/13 തീയതി 13.03.14/07.04.14 |
| 12-13 | എൽ.എഫ്.ടി.(പി.4)-1902/14 തീയതി 07.04.15/03.06.15 |
| 2013-14 | നം.കെ.എസ്.എ.- ടി.എസ്.ആർ(പി4)1688/15 തീയതി 15/12/2015 |
| 2014-15 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1156/16 തീയതി,14-07-2016 |
| 2015-16 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)2038/16 തീയതി,16-12-2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.4)1655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 24.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യലയം
തൃശ്ശൂർ

No.KSA.TSR(P4)1655/2017

Kerala State Audit Department

District Audit Office,
Thrissur-680 020

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 24.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Panjal Grama Panchayat in Thrissur

District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panjal Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur